പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3528 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|

# സംയോജിത ശിശുവികസന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.ശശി<br>ശ്രീ.കെ.അജിത് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സംയോജിത ശിശുവികസന പദ്ധതി ആരംഭിച്ചതെന്നാണെന്ന് അറിയിക്കുമോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യ-ങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) 1975-ൽ മലപ്പുറം ജില്ലയിലെ വേങ്ങര പ്രോജക്ടിലാണ് സംസ്ഥാനത്ത് സംയോജിത ശിശുവികസന സേവന പദ്ധതി ആരംഭിച്ചത്. ഐ.സി.ഡി.എസ് പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• ശിശുവിന്റെ മാനസികവും ശാരീരികവും സാമൂഹികവുമായ വികാസത്തിന് ശരിയായ അടിത്തറ പാകുക.<br>• 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം മെച്ചപ്പെടുത്തുക.<br>• ശിശുമരണം, രോഗാതുരത, പോഷണവൈകല്യം, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവയുടെ തോത് കുറക്കുക.<br>• വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.<br>• ശിശുവിന്റെ ശരിയായ ആരോഗ്യവും പോഷണ ആവശ്യകതയും ശ്രദ്ധിക്കാൻ തക്കവിധത്തിൽ അമ്മയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി അമ്മമാർക്ക് ആരോഗ്യ-പോഷണ വിദ്യഭ്യാസം നൽകുക.<br>• പെൺകുട്ടിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും സംരക്ഷിക്കുന്നതിനുമായി ഐ.സി.ഡി.എസ് |

| | | |
|---|---|---|
| | | കഴിയുന്നത്ര നേരത്തെ ഇടപെടുന്നു. ഐ.സി.ഡി.എസ് പദ്ധതി അതിന്റെ സമഗ്ര സേവനങ്ങളിലൂടെ എല്ലാ ഘട്ടങ്ങളിലും ലിംഗവിവേചനം കുറയ്ക്കാനുള്ള എല്ലാ സാഹചര്യവും സൃഷ്ടിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയെ സംബന്ധിച്ചുള്ള അവലോകനങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ ലക്ഷ്യം കൈവരിച്ചതായി അഭിപ്രായമുണ്ടോ; | (ബി) ഉണ്ട്. ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ശിശുപരിപാലന രംഗത്ത് ഏറെ പുരോഗതി കൈവരിച്ചതായി പഠനറിപ്പോർട്ടുകളും പ്രതിമാസ പുരോഗതി റിപ്പോർട്ടും വെളിപ്പെടുത്തുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്രപേർ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ സ്ഥിരജീവനക്കാർ എത്രയാണെന്ന് അറിയിക്കുമോ; മറ്റുള്ളവരെ സ്ഥിരം ജീവനക്കാരാക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇതിൽ മിനിമം വേതനം ലഭിക്കാത്ത എത്ര പേരുണ്ടെന്ന് അറിയിക്കുമോ; | (സി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ആകെ 69086 പേർ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 2765 സ്ഥിരം സർക്കാർ ജീവനക്കാരും, 66321 അംഗൻവാടി വർക്കർ/ഹെൽപ്പർ മാരുമുൾപ്പെടുന്നു. അംഗൻവാടി വർക്കർ/ ഹെൽപ്പർമാർ കേന്ദ്രപദ്ധതിയായ ഐ.സി.ഡി.എസ് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഹോണറേറിയം വ്യവസ്ഥയിൽ പൂർണ്ണമായും കേന്ദ്രനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നിശ്ചയിക്കപ്പെട്ടവരാണ് എന്നതിനാൽ ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് യഥാസമയം ഫണ്ട് ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ